# ഗവൺമെൻറ് യു പി  സ്കൂൾ പൂഴിക്കാട്

ഫോൺ: 9495733955

Email:govtupschoolpoozhikkad@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ആമുഖം

പൂഴിക്കാടിനെ വിദ്യാസമ്പന്നവും ഐശ്വര്യ പ്രദായകവും ആക്കിക്കൊണ്ട് 11 ദശാബ്ദകാലമായി നിലകൊള്ളുന്ന ഈ പ്രദേശത്തെ ഏക സർക്കാർ വിദ്യാലയമാണ് ഗവൺമെൻറ് യു പി സ്കൂൾ പൂഴിക്കാട്. നിരവധി തലമുറകൾക്ക് അക്ഷരജ്ഞാനം ആകുന്ന പൊൻ വെളിച്ചം വിതറി അജ്ഞാന അന്ധകാരത്തിൽ നിന്നും കരകയറ്റിക്കൊണ്ട് ഈ സരസ്വതി ക്ഷേത്രം ശോഭിക്കുന്നു. കലാ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പല അതുല്യ പ്രതിഭകളെയും ഈ വിദ്യാലയം സംഭാവന ചെയ്തിട്ടുണ്ട്.

1915 -16 കാലഘട്ടത്തിലാണ് പൂഴിക്കാട് നായർ കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഈ സരസ്വതി ക്ഷേത്രം ആരംഭിച്ചത് .ജൂനിയർ ബേസിക് സ്കൂളായാണ് പ്രവർത്തനം തുടങ്ങിയത് :1948 -ലാണ് ഇത് ഒരു പൂർണ്ണ സർക്കാർ വിദ്യാലയം ആകുന്നത്. 1968ൽ ഒരു സർക്കാർ യു പി സ്കൂളായി ഉയർത്തപ്പെട്ടു.

നിലവിൽ പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ഏകദേശം ...... ഓളം കുട്ടികള് നമ്മുടെ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. ഹെഡ്മാസ്റ്റർ ശ്രീ സുദർശനൻ പിള്ള സാറിന്റെ നേതൃത്വത്തിൽ 30 അധ്യാപകരും, 6 അനധ്യാപകരും പ്രവർത്തിച്ചു വരുന്നു. ബി ആർ സി യിൽ നിന്നും 3 സ്പെഷ്യൽ അധ്യാപകർ ആഴ്ചയിൽ രണ്ട് ദിവസം വീതം എത്തി കലാകായിക പ്രവർത്തി പരിചയ വിഭാഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അധ്യാപികയുടെ സേവനം ആഴ്ചയിൽ രണ്ടു ദിവസം ലഭ്യമാണ്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കുട്ടികളുടെഭാഷാശേഷി, സർഗശേഷി, ഗണിതശേഷി തുടങ്ങിയ വികാസമേഖലകളെ പരിപോഷിപ്പിക്കുന്ന 13 പ്രവർത്തന ഇടങ്ങളോട് കൂടിയ വർണ്ണക്കൂടാരം നമ്മുടെവിദ്യാലയത്തിന്റെ അഭിമാനമാണ്. കിഫ്ബി പദ്ധതി പ്രകാരം , 1 കോടി രൂപ മുതൽ മുടക്കിൽ നിർമിച്ച കെട്ടിട സമുച്ചയം, 10 ലക്ഷം രൂപ മുതൽ മുടക്കിൽ STARS പദ്ധതിയിൽ സാക്ഷാത്കരിച്ച വർ ൽണ്ണക്കൂടാരം, ഡിജിറ്റൽ ക്ലാസ്സ് മുറികൾ തുടങ്ങിയവ സ്കൂളിലെ പ്രധാന ആകർഷണങ്ങൾ ആണ്.

STARS പദ്ധതി പ്രകാരം സ്കൂളിൽ ക്രിയേറ്റീവ് കോർണർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രിയേറ്റീവ് കോർണർ സൗകര്യം പ്രയോജനപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കും തൊഴിൽ നൈപുണി പരിശീലനം നൽകിവരുന്നു.

സ്കൂളിൻറെ ചിരകാല അഭിലാഷമായ ഓപ്പൺ എയർ ഓഡിറ്റോറിയം പന്തളംനഗരസഭയുടെ സഹായത്താൽ പ്രവർത്തനസജ്ജം ആയിട്ടുണ്ട്.

കുട്ടികൾക്ക് പുതുക്കിയ മെനു പ്രകാരമുള്ള പോഷക സമൃദ്ധമായ ഉച്ചഭക്ഷണംനൽകിവരുന്നു.സ്കൂളിന്റെ ഭൗതികവും,സാംസ്കാരികവുമായ ഉയർച്ചയ്ക്കും പഠന പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണ നല്കി കൂടെ നില്ക്കുന്നപി ടി എ നമ്മുടെ ശക്തിസ്രോതസ്സാണ്.

കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നമ്മുടെ വിദ്യാലയത്തില സ്കൂള് ബസ് സൗകര്യം ലഭ്യമാണ്. മികച്ച ലൈബ്രറി ,കമ്പ്യൂട്ടർ ലാബ് ,ശാസ്ത്ര ലാബ് തുടങ്ങിയ സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാണ്.

പൂഴിക്കാട് പോലെയുള്ള ഗ്രാമീണ പ്രദേശത്തെ സാധാരണ ജനങ്ങളുടെ ആശയം ആവേശവുമായി എക്കാലവും ആ വിഭാഗത്തോട് ചേർന്ന് നിൽക്കാനും കേവലം ഭൗതികമായ അന്തർദേശീയ നിലവാരം എന്ന സങ്കൽപ്പത്തിനപ്പുറം ചിന്തയിലും കാഴ്ചപ്പാടിലും മൂല്യങ്ങളിലും നിലവാരം പുലർത്താൻ കഴിയുന്ന വിധം നമ്മുടെ വിദ്യാർഥികളെ മാറ്റിയെടുക്കാനും ഇനിയും

ഉയരങ്ങളിലേയ്ക്ക് കുതിക്കാനും കഴിയട്ടെയെന്ന് പ്രത്യാശിക്കുന്നു.

അതിലേക്കായി അക്കാദമിക മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിക്കുന്നു.

# അവസ്ഥാ വിശകലനം

പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ ക്ലാസുകൾ പ്രവർത്തിക്കുന്നു. നിലവിൽ 750 ഓളം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട്. 30 ഓളം അധ്യാപകരും ആറ് അനധ്യാപകരും ജോലി ചെയ്യുന്നു.

രണ്ട് സ്കൂൾ ബസുകൾ കുട്ടികളുടെ യാത്ര സൗകര്യത്തിനായി ഉണ്ട്. 10 ലക്ഷം രൂപ മുതൽമുടക്കിൽ നിർമ്മിച്ച വർണ്ണ കൂടാരം സ്റ്റാർ പദ്ധതി പ്രകാരം നുവദിച്ച ക്രിയേറ്റീവ് കോർണർ എന്നിവ പ്രവർത്തനസജ്ജമാണ്.

കമ്പ്യൂട്ടർ ലാബ് ,ഡിജിറ്റൽ ക്ലാസ് മുറികൾ എന്നിവ നിലവിൽ ഉണ്ട്. പുതുക്കിയ പദ്ധതി പ്രകാരമുള്ള ഉച്ചഭക്ഷണം നൽകിവരുന്നു. കലാകായികരംഗത്ത് പ്രത്യേക പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്. തിങ്കൾ , ബുധൻ, വെള്ളി ദിവസങ്ങളിൽ അസംബ്ലികൾ കൂടുന്നു പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള ക്ലാസ് അടിസ്ഥാനത്തിൽ അസംബ്ലികൾ അവതരിപ്പിക്കുന്നു. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ അവതരിപ്പിക്കുന്നതിനായി വൈഖരി സ്കൂൾ റേഡിയോ എല്ലാ ദിവസവും ഉച്ചയ്ക്ക് 1 :20 മുതൽ പ്രവർത്തിക്കുന്നു. എല്ലാമാസവും ക്ലാസ് ടെസ്റ്റുകൾ നടത്തുകയും മാസത്തിന്റെ അവസാനദിവസം ക്ലാസ് കൂടുകയും ചെയ്യുന്നു. വ്യാഴാഴ്ച ദിവസം രാവിലെ 9: 15 മുതൽ എസ്ആർ ജി യോഗം കൂടുന്നു.സ്കൂൾ പ്രവർത്തനങ്ങൾ അക്കാദമിക പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ എന്നിവ നല്ല രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. സർക്കാർ നിയമാവലികൾക്ക് വിധേയമായി ശക്തമായ സ്കൂൾ മാനേജ്മെൻറ് കമ്മിറ്റിയുടെ പ്രവർത്തിക്കുന്നു ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ പാർട്ടിയെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നു പോകുന്നു. ബെസ്റ്റ് പിടിഎയുടെ സംസ്ഥാനതല അവാർഡും നമുക്ക് ലഭ്യമായിട്ടുണ്ട്.

മാതൃസമിതിയും പൂർവ്വ വിദ്യാർത്ഥി സംഘടനയും സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പും സ്കൂൾ പ്രവർത്തനങ്ങൾക്ക് പൂർണമായ പിന്തുണ നൽകുന്നു.

സീഡ്, നല്ല പാഠം, എക്കോ ക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യ വേദി, ശാസ്ത്രരംഗം ഗ ഗണിത ക്ലബ്ബ് സയൻസ് ക്ലബ്ബ് സോഷ്യൽ സയൻസ് ക്ലബ് ഇംഗ്ലീഷ് ക്ലബ്ബ് തുടങ്ങിയ വിവിധങ്ങളായ ക്ലബ്ബുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. സ്കൂൾ സ്വന്തമായി രൂപീകരിച്ച ഹരിത സേന സ്കൂളിൻറെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നു. സ്കൂളും പരിസരവും പൂർണമായും രാഷ്ട്രീയ വിമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു .സ്കൂളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നുണ്ട്.

## നേട്ടങ്ങൾ

- ★ സംസ്ഥാന തല ബെസ്റ്റ് PTA അവാർഡ് ( മൂന്നാം സ്ഥാനം)
- ★ മാതൃഭൂമി സീഡ് സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം
- ★ മലയാള മനോരമ നല്ല പാഠം A+ പുരസ്കാരം
- ★ വർണക്കൂടാരം
- ★ ക്രിയേറ്റീവ് കോർണർ
- ★ ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ ഓവറോൾ
- ★ കേരള സ്കൂൾ കലോത്സ കേരള സ്കൂൾ കലോത്സവം ഉപജില്ലാതല ഓവറോള്
- ★ LSS, USS പരീക്ഷകളിൽ മികച്ച വിജയം, ഗിഫ്റ്റഡ് സ്റ്റുഡന്റ് പ്രാതിനിധ്യം
- ★ മികച്ച കുട്ടികർഷകർ
- ★ JRC യൂണിറ്റ് രൂപീകരണം.
- ★ സ്കൂൾ ഹരിത സേന
- ★ മികച്ച കമ്പ്യൂട്ടർ ലാബ്
- ★ മികച്ച ലൈബ്രറി,
- ★ English, മലയാളം മീഡിയം ക്ലാസ്സുകൾ
- ★ കലാ കായിക രംഗത്ത് പ്രത്യേക പരിശീലനം
- ★ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
- ★ E cube ഇംഗ്ലീഷ് പരിശീലനം
- ★ സുരീലി ഹിന്ദി
- ★ ഡിജിറ്റൽ ക്ലാസ്സ് മുറികൾ
- ★ ഓപ്പൺ എയർ ഓഡിറ്റോറിയം
- ★ ജൈവ വൈവിധ്യ ഉദ്യാനം.
- ★ മികവ് പ്രവർത്തനങ്ങൾ

# പ്രശ്നങ്ങൾ പരിമിതികൾ

1. മതിയായ ക്ലാസ്സ് മുറികളുടെ അപര്യാപ്തത.
2. ലൈബ്രറി ഓഫീസ് റൂമിനോട് ചേർന്ന് ആണ് പ്രവർത്തിക്കുന്നത്.
3. ലബോറട്ടറിക്ക് പ്രത്യേക സൗകര്യം ഇല്ല.
4. മതിയായ ശുചിമുറികൾ ഇല്ല.
5. ഡൈനിങ് ഹാൾ ഇല്ല.
6. സ്കൂൾ ബസ് സൗകര്യം പര്യാപ്തമല്ല
7. കളിസ്ഥലത്തിന്റെ പരിമിതി.

# പൊതു ലക്ഷ്യങ്ങൾ

- പാഠ -പാഠ്യ അനുബന്ധ പ്രവർത്തനങ്ങളിൽ സജീവമായ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കാൻ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയം അന്തരീക്ഷം ഒരുക്കൽ
- ശുചിത്വം സഹാനുഭൂതി കരുണ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കാൽ
- പാരിസ്ഥിതിക അവബോധം രൂപീകരിക്കൽ
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമി പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയരായ നേട്ടങ്ങൾ കൈവരിക്കുക
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എംഎൽഎ, എംപി ഫണ്ട് ഉപയോഗിച്ച് പുതിയ സ്കൂൾ കെട്ടിടങ്ങളിൽ ലാബ് ലൈബ്രറി ഡൈനിങ് തുടങ്ങിയവർ നിർമ്മിക്കുക
- കൂടുതൽ സ്കൂൾ വാഹനങ്ങൾ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ജൈവവൈവിധ്യ പാർക്ക് പരിപാലനം
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ ക്യാമ്പസ് ആക്കി മാറ്റുക
- ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുക
- ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ അധ്യാപകർ സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുക
- ലഹരി വിമുക്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- ക്രിയേറ്റീവ് കോർണർ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുക
- ലൈബ്രറി ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുക
- കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക
- ദിനാചരണ പ്രവർത്തനങ്ങൾ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് നടപ്പിലാക്കുക

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് |

ക്ലാസ് : 2 മേഖല: മലയാളം

| Sl.No: | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംയുക്ത ഡയറി<br>(രക്ഷിതാവിൻറെ അല്ലെങ്കിൽ അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശ ഉൾക്കൊണ്ട് എഴുതുന്നതിന് സഹായിക്കുന്ന പ്രവർത്തനം | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, രക്ഷിതാവ് | SSK |
| 2 | മലയാള മധുരം<br>(കുഞ്ഞു കഥകൾ വായിച്ച് ആസ്വദിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ആത്മവിശ്വാസത്തോടെ സ്വാതന്ത്രവായനയിലേക്കും ഭാഷാ വികാസത്തിനും അവസരം ഒരുക്കുന്ന പ്രവർത്തനം ) | സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു | ജൂൺ - മാർച്ച് | HM, ക്ലാസ്സ് ടീച്ചർ ,രക്ഷിതാവ് ,SSK | SSK |
| 3 | പാട്ടരങ്ങ്<br>(ഭാഷാ പഠനത്തിൽ താളത്തിന് വളരെ പ്രാധാന്യമുണ്ട് കുട്ടികൾ താളബോധം രൂപപ്പെടുന്നതിലൂടെ ഭാഷാ പഠനം എളുപ്പമാകുന്നതിന് സഹായിക്കുന്ന പ്രവർത്തനം | താളം മനസ്സിലാക്കി പാഠത്തിൽ ഉള്ളതും സമാന താളത്തിലുള്ളതുമായ മറ്റു കവിതകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു | ക്ലാസ്സ് ടീച്ചർ | ജൂൺ - മാർച്ച് | PTA |
| 4 | നാട്ടുവിശേഷം കൂട്ടെഴുത്ത്<br>(ഭാഷാ പഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി) | പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു | HM, ക്ലാസ് ടീച്ചർ ,<br>പി ടി എ | സെപ്റ്റംബർ - ഫെബ്രുവരി | |

| | | | | | |
|---|---|---|---|---|---|
| 5 | റീഡേഴ്സ് തിയേറ്റർ<br><br>(ലഘു വിവരണങ്ങൾ കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കുട്ടികളെ സഹായിക്കുന്ന പ്രവർത്തനം) | രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു ഭാഷയിലെ മുന്നേറ്റത്തിന് ശ്രവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിക്കുന്നു | ക്ലാസ് ടീച്ചർ, | ജൂൺ - ഫെബ്രുവരി | PTA |
| 6 | രചനോത്സവം (ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്) | എല്ലാ കുട്ടികളും രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു | സെപ്റ്റംബർ - മാർച്ച് | HM, ക്ലാസ്സ് ടീച്ചർ,രക്ഷിതാവ്, SSK | SSK, PTA |
| 7 | ക്ലാസ് പത്രം<br><br>ഓരോ കുട്ടിയും തങ്ങൾ കണ്ടത് കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു | ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകവുമായി അവതരിപ്പിക്കുന്നതിലൂടെ രചനാ ശേഷി പരിപോഷിപ്പിക്കുന്നു | സെപ്റ്റംബർ - മാർച്ച് | HM, ക്ലാസ്സ് ടീച്ചർ, രക്ഷിതാവ്, | PTA |
| 8 | ഭാഷോത്സവം<br><br>കുട്ടിയുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കുവാനുള്ള അവസരം ഒരുക്കുന്നു | ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും സ്വതന്ത്രരചനയ്ക്കും അവസരം നൽകുന്നു. ഭാഷാ പഠനം അനുഭവാധിഷ്ഠിതമാകുന്നു. | ഫെബ്രുവരി | SRG, എം ക്ലാസ്സ് ടീച്ചർ | PTA, SSK |

മേഖല : ഇംഗ്ലീഷ്

| Sl. No | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | Readers theatre | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും കേൾക്കാനും ഉള്ള അവസരം ഒരുക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, PTA | PTA |
| 2 | English Assembly | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയോഗിക്കുന്നതിന് അവസരം ഒരുക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, HM,SRG | |
| 3 | English magazine | കുട്ടികളുടെ സർഗാത്മക രചനകൾ പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു | ഫെബ്രുവരി | HM, ക്ലാസ്സ് ടീച്ചർ ,രക്ഷിതാവ് | PTA |
| 4) | English atmosphere | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ ന്യൂസ് പേപ്പറുകൾ എന്നിവയുടെ ശേഖരം ഒരുക്കൽ | ജൂൺ - മാർച്ച് | എം, ക്ലാസ്സ് ടീച്ചർ രക്ഷിതാവ് | PTA |
| | English fest | എല്ലാ കുട്ടികളും ഇംഗ്ലീഷ് സ്ഫുടമായി പറയാൻ കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കാൻ ഫെബ്രുവരി മാസത്തിലെ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്.മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ഫെബ്രുവരി | HM, SRG ക്ലാസ്സ് ടീച്ചർ രക്ഷിതാവ് | PTA |

മേഖല : ഗണിതം

| Sl. No: | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിത ക്ലബ്<br>ക്ലാസ്സ് തലത്തിൽ ഗണിത ക്ലബ് രൂപീകരണം | ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ദീർഘം | ക്ലാസ്സ് ടീച്ചർ | PTA |
| 2 | ഗണിത മാഗസിൻ | ഗണിത പഠനം ആസ്വാദ്യകരമാക്കുക | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | PTA |
| 3 | ഗണിത മൂല | ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ആവശ്യമായ പഠന സാമഗ്രികൾ ശേഖരിച്ച് ജനത മൂല തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ , രക്ഷിതാവ് | PTA,SSK |
| 4 | ഉല്ലാസഗണിതം | ഗണിത പഠനം ആസ്വാദ്യകരമാക്കുക | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, HM, SSK | SSK |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | | ക്ലാസ്സ്‌ തല ത്തിൽ വായനാ മൂല സജ്ജീകരിക്കൽ (വായനാ പരി പോഷണ സാമഗ്രികൾ ) | മെയ്‌ | എസ് .ആർ. ജി |
| 2 | കവിതകളിലും നാടൻ പാട്ടുകളിലും നിറയുന്ന ആസ്വാദന തലം തിരിച്ചറിഞ്ഞു ചൊല്ലി യവതരിപ്പിക്കുന്നു | പശ്ചാത്തലമായി ചെറു വാദ്യങ്ങൾ ചേർത്തു കൊണ്ട് പാഠപുസ്തകത്തിലെ കവിതകൾ , നാടൻ പാട്ടുകൾ എന്നിവ ചൊല്ലിയവതരിപ്പിക്കൽ<br><br>സമാനമായ കവിതകൾ കണ്ടെത്തി താളാത്മക മായി അവതരിപ്പിക്കൽ<br><br>പിന്നോക്കം എന്ന് വിലയിരുത്തുന്ന പഠിതാക്കളുടെ ആദ്യ അവതരണം | ജൂൺ - മാർച്ച് | കുട്ടികൾ<br><br>അധ്യാപകൻ |
| 3 | കുട്ടിയുടെ പ്രകൃതം അറിഞ്ഞു ഭാഷാ പ്രവർത്തനങ്ങൾ നൽകുന്നതിനും ഭാഷാ ശേഷി വികസിപ്പിക്കു ന്നതിനും | എന്റെ കുട്ടി എന്ന വിലയിരുത്തൽ പേജിൽ രേഖ പ്പെടുത്ത ൽ നടത്തുന്നു<br><br>നിരന്തരമായി പ്രവർത്തനങ്ങൾ നൽകുന്നു വിലയിരുത്തൽ രേഖ പ്പെടു ത്തുന്നു | ജൂലൈ -മാർച്ച് | |
| 4 | ഭാവാത്മക വായന പരിപോഷിപ്പിക്കൽ | പാഠപുസ്തകത്തിലെ രചനകളുടെ അവതരണം.<br><br>വിദ്യാലയത്തിലെ ലൈബ്രറി യിൽ നിന്നും ലഭ്യമായ നാട്ടകഥകൾ, ചെറുകഥകൾ എന്നിവ യുടെ ഭാ വാ ത്മക അവതരണം ( പ്രഭാത ത്തിൽ ക്ലാസ്സ്‌ റൂം തലത്തിലോ, അസം ബ്ലിയിലോ ) .<br><br>വാട്സ്ആപ് ഗ്രൂപ്പിലൂടെ ഭാവാത്മക വായന<br><br>ഓഡിയോ ആയും വീഡിയോ ആയും | ജൂൺ - മാർച്ച് | കുട്ടികൾ<br>രക്ഷിതാക്കൾ<br><br>അധ്യാപകൻ |

| | | | | |
|---|---|---|---|---|
| | | അവതരിപ്പിക്കൽ<br><br>റീഡേഴ്സ് തിയേറ്റർ | | |
| 5 | പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ പങ്കു ചേർന്നു കൊണ്ട് കൈ വഴക്കം പരുവപ്പെട്ടുത്തുന്നതിനും സർഗാത്മകതയിൽ നിന്നുകൊണ്ട് ഭാഷാ വസ്തുതകൾ തിരിച്ചറിയുന്നു | പ്രകൃതിയുമായി ബന്ധപ്പെട്ട ആശയങ്ങളെ ചിത്രങ്ങൾ ആക്കി മാറ്റൽ<br><br>സ്വതന്ത്രമായ ചെറു വാക്യങ്ങൾ എഴുതി ചേർക്കൽ.<br><br>സർഗാത്മക ഡയറി എഴുതൽ<br><br>[illegible]<br>വിവിധ ബുദ്ധിയുടെ തലം വിലയിരുത്തൽ | ജൂൺ - മാർച്ച് | കുട്ടികൾ<br>രക്ഷിതാക്കൾ<br><br>അധ്യാപകൻ |
| 6 | സമൂഹവുമായി ചേർന്നു നിന്നുകൊണ്ട് അറിവുകൾ നേടുന്നതിനും അവ ആശയത്തോടെ എഴുതി അവതരിപ്പിക്കുന്നതിനും | പത്ര നിർമ്മാണം<br><br>പ്രദർശനം (മാസത്തിൽ ഒന്ന് ) | ജൂൺ - മാർച്ച് | കുട്ടികൾ<br><br>രക്ഷിതാക്കൾ<br><br>അധ്യാപകൻ |
| 7 | അഭിനയ സാധ്യതയിലൂടെ രചനകൾ ദൃശ്യാവിഷ്കരിക്കുന്നതിന് | പാഠപുസ്തകത്തിലെ വിവിധ സന്ദർഭങ്ങൾ ഉൾപ്പടെ സമാനമായ രചനകളിലെ സന്ദർഭങ്ങൾ പാവനാടകമായി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | കുട്ടികൾ<br><br>രക്ഷിതാക്കൾ<br><br>അധ്യാപകൻ |
| 8 | കേരളത്തിലെ കലകളിൽ പ്രകടമാകുന്ന ഭാഷാവൈഭവം തിരിച്ചറിയുന്നതിനും ആസ്വാദന തലം കണ്ടെത്തി അവതരിപ്പിക്കുന്നതിനും | ഓട്ടൻതുള്ളൽ ദൃശ്യാവതരണം<br><br>അഭിമുഖം<br><br>പഠന യാത്ര- പടയണി ഗ്രാമത്തിലേക്ക്<br><br>പഠന യാത്ര - കഥകളി ഗ്രാമത്തിലേക്ക് | ജൂലൈ | കുട്ടികൾ<br><br>അധ്യാപകൻ<br><br>വിദ്യാരംഗം കലാസാഹിത്യ വേദി<br><br>പി. റ്റി. എ |

| | | | | |
|---|---|---|---|---|
| | | | | |
| 9 | പലഹാരങ്ങളുമായി ബന്ധപ്പെട്ട രചനകൾ വായിച്ചു വഴി പരിചിതമായ അറിവുകൾ മുൻ നിർത്തി പലഹാരങ്ങളെ അനുഭവിച്ചറിയൽ | പലഹാരമേള | ഓഗസ്റ്റ് സെപ്റ്റംബർ | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ്<br>പി. റ്റി. എ |
| 10 | അഭിനയ സാധ്യത യിലൂടെ രചനകൾ ദൃഷവിഷ്കരിക്കുന്നതിന്<br>കൃഷി നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ് എന്നറി യുന്നതിന് | കൊറിയോ ഗ്രാഫി<br>പണിപ്പാട്ടുകൾ<br>കർഷകനുമായി (അഭിമുഖം )<br>പാടത്തേക്ക്<br>പാട്ടും പാടി പഠനയാത്ര | ഒക്ടോബർ | കുട്ടികൾ<br>അധ്യാപകൻ |
| 11 | പ്രകൃതിയുമായി ബന്ധപ്പെട്ട ആശയങ്ങൾ രചനകളായും ചിത്രങ്ങളാ യുംമാറ്റുന്നതിനും | പ്രകൃതി നടത്തം<br>ചിത്രങ്ങൾ തയാറാക്കൽ<br>ചിത്ര കഥാ നിർമ്മാണം | നവംബർ ഡിസംബർ | കുട്ടികൾ<br>അധ്യാപകൻ |
| 12 | യാത്രാ അനുഭവങ്ങൾ തനിമയോടെ അവതരിപ്പിക്കുന്നതിന് | വ്ലോഗ് നിർമ്മാണം | ജനുവരി | കുട്ടികൾ<br>രക്ഷിതാക്കൾ |
| 13 | ജീവിതത്തിൽ പാലിക്കേണ്ടതും സ്വീകരിക്കേണ്ടതുമായ മൂല്യങ്ങൾ രചനകളിൽ കൂടി തിരിച്ചറിയുന്നതിനും അവ | സന്മാർഗ ക്ലാസ്സ് | ഫെബ്രുവരി | അധ്യാപകൻ<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | നിത്യ ജീവിതത്തിൽ പ്രയോഗിക്കുന്നതിനും | | | പി. റ്റി. എ |
| 14 | ഒരു വർഷകാലത്തെ പഠന മികവുകളുടെ പൊതു അവതരണം | പഠനോത്സവം | മാർച്ച് | കുട്ടികൾ<br>രക്ഷിതാക്ക<br>പി. റ്റി. എ |

| umber | Aim | Activities | Period | Duty Assign |
|---|---|---|---|---|
| 1 | | Arrange class readers corner (Collection of reading materials) | may | S.R.G |
| 2 | Identify the nature of student and gave more activities to empower English language | Consider the performa (my child ) Gave suitable activities continues evaluation | June - March | Students Teacher |
| 3 | Creative writings | Diary Making | June- March | Students Teacher |
| 4 | Sing the poems and Rhyme Rhythmically | Add more lines Make rhyme | June - March | Students Teacher |
| 5 | Creative reading | Text book reading library books reading The process held on class room or school Assembly | June - March | Students Teacher |
| 6 | Listen to the Instructions and acts accordingly | Dialogue making character presentation | June - July | Students Teacher |

| | | | | |
|---|---|---|---|---|
| 7 | Listen to simple instructions in English and acts accordingly<br><br>write a recipe | Origami<br>Role play<br>Vegetable salad<br>Puppet making<br>Puppet drama | August - September | Students<br>Teacher |
| 8 | Listen to simple instructions and acts accordingly<br><br>Reads simple stories aloud and enjoys them | Drawing pictures<br>create small stories<br>Album making<br>Role play<br>Riddles | October | Students<br>Teacher |
| 9 | Creates slogans on a specific theme<br><br>Expresses thoughts and feelings in simple language | Magic show<br>Dialogue making<br>Slogans | November- December | Students<br>Teacher<br>Parents<br>P.T.A |
| 10 | Engages in creative activities such as drawing or craft work | Digital magazine | January | Students<br>Teacher<br>Parents |
| 11 | Listen to simple instructions and acts accordingly | Action song<br>chorography | February | Students<br>Teacher |

| | | | | |
|---|---|---|---|---|
| | understand the importance of dignity of labour | Role play | | |
| 12 | padanothsavam | Presentation of academic achievements | March | Students<br>Teacher<br>P.T.A |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | | ഗണിത ലാബ് സജ്ജീകരിക്കൽ<br><br>ഗണിതപ്പെട്ടി തയാറാക്കൽ | മെയ് | എസ് ആർ. ജി |
| 2 | ഗണിത രൂപങ്ങൾ ചേർത്തു വെച്ച വിവിധ പാറ്റേണുകൾ നിർമ്മി ച്ച കൊണ്ട് അതിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിന് | വെജിറ്റബിൾ പ്രിന്റിംഗ്<br><br>വ്യക്തിഗത പ്രവർത്തനം<br><br>വിലയിരുത്തൽ<br><br>പിന്നോക്കം നിൽക്കുന്നപഠിതാവിന്റെ വിവിധ ബുദ്ധിയുടെ തലം വിലയിരുത്തൽ | ജൂൺ | കുട്ടികൾ<br><br>അധ്യാപകൻ |
| 3 | കുട്ടിയുടെ പ്രകൃതം തിരിച്ചറിഞ്ഞു ഗണിതവസ്തുതകൾ നൽകി ക്കൊണ്ട് ഗണിത ശേഷി വികാസം | എന്റെ കുട്ടി എന്ന വിലയിരുത്തൽ പേജിൽ രേഖ പ്പെടുത്ത ൽ നടത്തുന്നു<br><br>നിരന്തരമായി പ്രവർത്തനങ്ങൾ നടക്കുന്നു വിലയിരുത്തൽ രേഖ പ്പെടു ത്തുന്നു | ജുലൈ - മാർച്ച് | അധ്യാപകൻ |
| | ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും യുകതി ചിന്ത ഉണർത്തി ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിന് | ഗണിത കേളി<br><br>ദിവസവും ക്ലാസ്സ് തലത്തിൽ അവതരി പ്പിക്കൽ | ജൂൺ - മാർച്ച് | കുട്ടികൾ<br><br>അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 5 | ഗണിതത്തിൽ മൂന്നാം തരത്തിലെ പാഠപുസ്തകത്തിലെ അടിസ്ഥാനആശയങ്ങൾ ക്രമപ്പെടുത്തി സർഗാത്മകമായി എഴുതുന്നതിന് | ഗണിത പത്രം തയാറാക്കൽ (മാസത്തിൽ ഒന്ന്) (1 മുതൽ 12 വരെ ഉള്ള യൂണിറ്റുകൾ ഉപ യോഗ പ്പെടുത്തി ക്കൊണ്ട്) | ജൂൺ - മാർച്ച് | കുട്ടികൾ<br>രക്ഷിതാക്കൾ<br>അധ്യാപകൻ |
| 6 | ഗണിതത്തിലെ സംഖ്യാ വ്യാഖ്യാനവും ഗണിത ക്രിയാ രീതികളും നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നതിന് | ബാങ്ക് സന്ദർശനം<br>പേസ്ലിപ് നോക്കി മനസിലാക്കൽ<br>അഭിമുഖം | ജൂലൈ | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ്<br>അധ്യാപകൻ |
| 7 | ഗണിതത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടിയും, പഠിതാക്കളുടെ കൃത്യത, വേഗത എന്നിവ പരുവപ്പെടുത്തുന്നതിനും | ഗണിത ശില്പശാല ഗണിത പഠനോ പകരണ നിർമ്മാണ പ്രവർത്തനം<br>പ്രദർശനം | ഓഗസ്റ്റ് | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ് |
| 8 | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി ക്കൊണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന | ഗണിത മാഗസിൻ | സെപ്റ്റംബർ | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ് |
| 9 | ഗണിതത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും യുക്തി ചിന്ത ഉണർത്തി ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിനും ഗണിത ശാസ്ത്ര ബോധം വളർത്തുന്നതിനും | ഗണിത ശാസ്ത്രമേള | ഒക്ടോബർ | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ്<br>പി. റ്റി. എ |

| | | | | |
|---|---|---|---|---|
| 10 | ഗണിത ആശയങ്ങളെ തന്റെ തായ രീതിയിൽ ചിത്ര സഹായത്തോടെ പുസ്തക രൂപത്തിലാക്കുന്നു | ഗണിത സചിത്ര ബുക്ക് നിർമ്മാണം | നവംബർ | കുട്ടികൾ<br>അധ്യാപകൻ |
| 11 | ഗണിത സദസ്സ് ഗണിതപഠനം രസകരവും ആസ്വാദ കരവുമാക്കുന്നതിനു വേണ്ടി | കുട്ടികളുമായി സംവദിക്കാൻ കഴിയുന്ന ഒരു അധ്യാപകന്റെ ക്ലാസ്സ് | ഡിസംബർ | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ്<br>പി. റ്റി. എ |
| 12 | ഗണിതാ ശയങ്ങൾ ഭാഷയോടു ചേർത്തു വെച്ച കൊണ്ട് അവതരിപ്പിക്കൽ | ഗണിത പാട്ടുകൾ ഗുണന പാട്ടുകൾ പസിലുകൾ മണക്കണക്ക് | ജനുവരി | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ്<br>പി. റ്റി. എ |
| 13 | അള വുകളുമായി ചേർന്നു വരുന്ന ആശയങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെട്ടുത്തി മനസിലാക്കുന്നതിന് | പാൽ സൊസൈറ്റിയിലേക്ക് - പഠന യാത്ര | ഫെബ്രുവരി | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിതക്ലബ് |
| 14 | ഒരു വർഷകാലത്തെ പഠന മികവുകളുടെ പൊതു അവതരണം | പഠനോത്സവം | മാർച്ച് | കുട്ടികൾ<br>രക്ഷിതാക്കൾ<br>ഗണിത ക്ലബ്<br>പി. റ്റി. എ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | | പരിസരപഠന കിറ്റ് തയാറാക്കൽ | മെയ് | എസ് ആർ. ജി |
| 2 | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ടു കൊണ്ട് ശാസ്ത്ര ബോധം വളർത്തുന്നതിന് | ആഴ്ചയിൽ ഒരു പരീക്ഷണം ക്ലാസ്സ് മുറിയിൽ | ജൂലൈ - മാർച്ച് | കുട്ടികൾ<br>അധ്യാപകൻ<br>സയൻസ് ക്ലബ് |
| 3 | പഞ്ചേന്ദ്രിയ ങ്ങളെ പ്രയോജനപ്പെടുത്തി സസ്യ ലോകത്തിലെ സവിശേതകൾ തിരിച്ചറിയുന്നു | കൃഷിഭവൻ സന്ദർശനം<br>അഭിമുഖം | ജൂൺ | കുട്ടികൾ<br>രക്ഷിതാക്കൾ<br>അധ്യാപകൻ<br>പരിസ്ഥിതി ക്ലബ് |
| 4 | ഭൂമിയിലെ ജൈവ വൈവിദ്ധ്യം തിരിച്ചറിഞ്ഞു കൊണ്ട് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ജൈവ വൈ വിദ്ധ്യ പടനിലം ഒരുക്കൽ (കുളം, ചെടികൾ, മീൻ, ആമ്പൽ ) | ജൂലൈ | കുട്ടികൾ<br>അധ്യാപകൻ<br>പരിസ്ഥിതി ക്ലബ് |
| 5 | ജലവും മണ്ണും അഭിവാജ്യ ഘടകം ആണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് സംരക്ഷണ പ്രവർത്തങ്ങളിൽ ഏർപ്പെടൽ | ഡോക്യുമെന്ററി അവതരണം (ജലവും മണ്ണും )<br>സ്കിറ്റ്<br>(ജലം സംരക്ഷണം) | ഓഗസ്റ്റ് | കുട്ടികൾ<br>അധ്യാപകൻ<br>പരിസ്ഥിതി ക്ലബ് |

| | | | | |
|---|---|---|---|---|
| | | (ക്ലബ്ബ്) | | |
| 6 | ശാസ്ത്രത്തിലെ ലഘു ആശയങ്ങൾ സ്വാതന്ത്ര മായി അവതരപ്പിക്കുന്നതിന് | സയൻസ് മാഗസിൻ നിർമ്മാണം | സെപ്റ്റംബർ | കുട്ടികൾ<br>രക്ഷിതാക്കൾ<br>അധ്യാപകൻ<br>സയൻസ് ക്ലബ് |
| 7 | ശാസ്ത്ര ബോധം വളർത്തുന്നതിന് | ശാസ്ത്ര മേള | ഒക്ടോബർ | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>സയൻസ് ക്ലബ്<br>പി. റ്റി. എ |
| 8 | ശുചിത്വ ശീലങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് അവ ജീവിതത്തിൽ പാലിച്ച പോകേണ്ട താണ് എന്ന് തിരിച്ചറിയുന്നതിന് | ഡോക്ടറുമായി അഭിമുഖം<br>ടെലി ഫിലിം | ഒക്ടോബർ | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ്<br>പി. റ്റി. എ |
| 9 | നിത്യ ജീവിതത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് ശരിയായ ഭക്ഷണ ക്രമം പാലിക്കുന്നതിന് | ഡോക്ടറോട് ചോദിക്കാം<br>( അഭിമുഖം )<br>സാലഡ് നിർമ്മാണം | നവംബർ | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ് |

| | | | | |
|---|---|---|---|---|
| | | ഭക്ഷ്യ മേള | | പി. റ്റി. എ |
| 10 | ട്രാഫിക് നിയമങ്ങൾ തിരിച്ചറിഞ്ഞു സുരക്ഷിത യാത്ര യെ കുറിച്ച് അവബോധം നേടുന്നതിന് | അഭിമുഖം<br>( ട്രാഫിക് പോലീസ് ) | ഡിസംബർ | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ് |
| 11 | പ്രഥമ ശുശ്രൂഷ നൽകേണ്ട സാഹചര്യങ്ങൾ തിരിച്ചറിഞ്ഞു അവ നിത്യ ജീവിതത്തിൽ പാലിക്കുന്നതിന് | അഭിനയ സാധ്യത പ്രയോജനപെടു ത്തൽ<br>(സ്കിറ്റ്, മൈം) | ജനുവരി | കുട്ടികൾ<br>അധ്യാപകൻ<br>ആരോഗ്യ ക്ലബ് |
| 12 | പ്രകൃതിയിലെ ജീവജാലങ്ങളുടെ ജീവിത രീതി ( ആഹാരം, വീട് ) എന്നിവ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നതിന് | പ്രകൃതി നടത്തം | ഫെബ്രുവരി | കുട്ടികൾ<br>അധ്യാപകൻ<br>പരിസ്ഥിതി ക്ലബ് |
| 13 | ഒരു വർഷകാലത്തെ പഠന മികവുകളുടെ പൊതു അവതരണം | പഠനോത്സവം | മാർച്ച് | കുട്ടികൾ<br>അധ്യാപകൻ<br>രക്ഷിതാക്കൾ<br>ആരോഗ്യ ക്ലബ്<br>പി. റ്റി. എ<br>പരിസ്ഥിതി ക്ലബ്<br>സയൻ സ് ക്ലബ് |

## Academic Master Plan -English (UP)

| *Aims* | *Activity* | *Month* | *In Charge* | *Finance* |
|---|---|---|---|---|
| *1) Provides opportunity to listen and speak English properly* | **Listen me ,Listen Up**<br>English is recorded and spoken in a simple and funny way. The child is encouraged to answer the related questions. | **June** | English Teacher | *English Club* |
| | **Chase me**<br>Training is given to act according to instructions given in English. | **June** | English Teacher | |
| | **News hour**<br>Recorded and broadcast English radio news. Provides an opportunity to listen to correct pronunciation. | **November** | English Teacher | |
| | **Announcement**<br>Instructions are given to read the different programme notices and tell them to develop variety of announcements. | **July** | English Teacher | |
| | **Treasure Hunt**<br>Treasure Hunt with different objects Making different compartments. Each cell is numbered and describes the object that will be drawn. Other children identify what the object is. Points are awarded. | **August** | English Teacher | |

| | | | | |
|---|---|---|---|---|
| *2) Practicing perceptive reading* | **Sit with guest**<br>Sit with guest provides an opportunity to interact with people who speak their own language. | **September** | English Teacher | |
| | **I Too Can**<br>Various reading cards are arranged at different levels. It gives chance to read without error. (from simple to complex) | **December** | English Teacher | |
| | **F.M. Corner**<br>F.M. Corner offers an opportunity to present different stories in the form of Reader's Theater drama radio. | **November** | English Teacher | |
| | **English Assembly**<br>Gives an opportunity to enrich English by conducting and presenting assembly. | **Once in a week.** | English Teacher | |

| | | | |
|---|---|---|---|
| *3) Enables you to write English without mistakes.* | **Digital Magazine**<br>It creates a class magazine and mini-dictionary featuring children's artwork with the help of navel technology. | **March** | English Teacher |
| | **Story Writing**<br>Particular guidelines and topics will be given and on the basis of it they can develop stories. | **November** | English Teacher |
| | **Elaborative Writing**<br>To enhance writing skill ,they can develop their ideas sense of mastery of what is often a complex and difficult task . | **February** | English Teacher |
| | **Fun Time Funda**<br>Provides an opportunity to prepare and present in class riddles tricks questions and exercises . | **All English Classes** | English Teacher |
| *4) Increase confidence in English language* | **The Grand Camp**<br>The Grand Camp conducts an English camp involving English-proficient parents and other members of the community to create an English environment. 5th, 6th, and 7th class students are given an opportunity to come forward with various academic programs.<br><br>Storytelling for class 5, story writing for class 6, role play drama for class 7 in disguise, poetry presentation for class 7 etc. Documentary/film show at the end of the camp | **March** | English Teacher<br>PTA,MTA<br>Parents |
| | **English Fest :**<br>Ample opportunities is given to all students to perform on a particular platform . | **March** | English Teacher<br>PTA,MTA |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026 വിഷയം : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ള വരാക്കി മാറ്റിയെടുക്കുക. | ICT സാദ്ധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോകൾ,സംഭവങ്ങൾ, വ്യക്തികൾ എന്നിവയുടെ വീഡിയോകൾ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രത്തിൻ്റെ അടിസ്ഥാനതല അറിവുകൾ,ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | പഠിതാവിൻ്റെ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു.<br><br>നദികൾ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ വാർഡ്സഭ എന്നിവയി. മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ,രക്ഷിതാക്കൾ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിലേർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു. | വെള്ളപ്പൊക്കു,ഉരുൾപൊട്ടൽ,കൊടുംകാറ്റ് ,സുനാമി എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും,ക്ലാസ്സുകൾ സംഘടിപ്പിക്കുകയും,രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുന്നതിന് പഠതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങ്ഹൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ചവിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിൻ്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാക്കുന്നു. | | | | |
| വിവരവിനിമയസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും, റോഡ്സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്രക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ പോലീസ് ഡിപ്പാർട്ട്മെൻ്റിൻ്റെ സഹായത്തോടെ കുട്ടികൾക്കും,രക്ഷിതാക്കൾക്കും റോഡ്സുരക്ഷാ സൈബർകുറ്റകൃത്യം എന്നീവിഷയങ്ങളിൽ ബോദവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| കുട്ടികൾക്ക് നമ്മുടെ രാജ്യം,സംസ്ഥാനം,ജില്ല എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്. | ഓരോക്ലാസ്സിലും ഇൻഡ്യ,കേരളം എന്നീ ഭൂപടങ്ങളൊട്ടിക്കുന്നു. | ജൂൺമാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളെക്കുറിച്ച് ധാരണ നൽകുക. | വീടുകളിൽ പഴയകാലങ്ങളിലുപയോഗിച്ചിരുന്ന വീട്ടുപകരണങ്ങൾ,കാർഷിക ഉപകരണങ്ങൾ എന്നിവ ശേഖരിച്ച് പ്രദർശനം നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ,രക്ഷിതാക്കൾ | |

അക്കാദമിക മാസ്റ്റർ പ്ലാൻ
യു.പി ഗണിതം 2025-26.

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കലണ്ടർ | ചുമതല |
|---|---|---|---|---|
| ഗണിത ലാബ് | ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | | PTA ഗണിത ടീച്ചർ |
| ചതുഷ്ക്രിയാ ബോധം | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1) വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു<br>(2) ക്ലാസിലെ കണക്കിൽ പിന്നോക്കമായ കുട്ടികളെ ഉൾപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | | ഗണിത ടീച്ചർ |
| | | | | |

| | | | | |
|---|---|---|---|---|
| ഗണിത കേളി | ഗണിതത്തിൽ പിന്നോക്കക്കാരെ മുന്നിലെത്തിക്കാൻ | കളി, പാട്ട്, നിർമ്മാണം, കമ്പ്യൂട്ടർ ഗെയിം, ജ്യോമെട്രിക്കൽ പാറ്റേൺ, മോഡൽ നിർമ്മാണം | അക്കാദമിക വർഷം | ഗണിത ടീച്ചർ ഗണിത ക്ലബ്. |
| ഗണിത ശില്പശാല | ഗണിത പഠനം നിർമ്മാണത്തിലൂടെ ഉറപ്പാക്കൽ | ശില്പശാല സംഘടിപ്പിക്കൽ ഗണിതത്തിൽ പ്രാവീണ്യം നേടിയവരുടെ സംവാദിക്കൽ | 1 വർഷം | ഗണിത ടീച്ചർ |
| ക്വിസ് ട്രിപ്പ് | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രയോഗം ബോധ്യപ്പെടൽ | ക്വിസ് ട്രിപ്പ് സംഘടിപ്പിക്കുന്നു | വർഷത്തിൽ 1 തവണ | ഗണിത ടീച്ചർ, PTA |
| ബോധവൽക്കരണം | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്നു. രക്ഷിതാക്കളുമായി സംവദിക്കുന്നു. | എല്ലാ മാസവും | എല്ലാ അധ്യാപകരും |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിനായി സർഗാത്മക നടത്താനുള്ള പദ്ധതികൾ വർത്തനം പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം : പഠിതാവ് അവരുടെ അവധിക്കാല അനുഭവങ്ങൾ ഒരു കഥ, അനുഭവ കുറിപ്പ് എന്നീ വ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ |
| | | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വർദ്ധിക്കുന്നു | ജൂൺമാസം | മലയാളം അധ്യാപകർ |
| 2 | പഠിതാവിൽ വാർത്തകളോടുള്ള വായനാശീലം വളർത്തുക | വാർത്താലോകത്തേക്ക് : പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ വായിക്കുകയും ഉചിതമായ രീതി ഉൾക്കൊള്ളുകയും ആശയങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു.<br>വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ ക്ലാസിൽ എത്തിക്കുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് | ഫെബ്രുവരിമാസം | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് സമ്മാനം നൽകുന്നു. | [illegible] | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ തന്നെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് തവണ | മലയാളം ക്ലബ്ബ് |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | അഭിമുഖം / സംവാദം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു തവണ | ഹെഡ്മാസ്റ്റർ മലയാളം അധ്യാപകർ |
| 4 മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി [illegible] സാങ്കേതിക ശേഷി വളർത്തൽ | ഇ-കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു. | രണ്ട് വർഷം | മലയാളം, IT അധ്യാപകർ |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളെ മുൻനിർത്തി വൈവിധ്യമാർന്ന ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | മൂല്യനിർണ്ണയം |
| --- | --- | --- | --- |
| 6 കുട്ടികളുടെ ആശയവിനിമയ ശേഷി മെച്ചപ്പെടുത്തൽ. അവതരണം | സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്ന വിദ്യാർത്ഥികൾ നാടക കലാകാരന്മാരുടെയും മറ്റ് കലാകാരന്മാരുടെയും ഉപകരണങ്ങൾ കൊണ്ട് വിദ്യാലയങ്ങൾ നടത്തുന്ന വിശേഷദിനങ്ങളും ദിനാചരണങ്ങളും ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധതരം ആളുകളിൽ ദിവസം ജോലിചെയ്യുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകത്തിൽ ഉള്ള വിഷയത്തിന്റെ ആസ്വാദന കുറിപ്പ് അവതരിപ്പിക്കുന്നു. | അസംബ്ലിക്ക് മുന്നേ / നടക്കുന്നതിന് മുമ്പ് ഒഴിവ് സമയം ദിവസവും | വീഡിയോ ക്ലിപ്പ്. / കുട്ടികളുടെ പങ്കാളിത്തം മൂല്യനിർണ്ണയം അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ UP ഹിന്ദി 2025-26

| Programme | Activity | Duration | Class | ഭൗതികം | പിന്തുണ | ലക്ഷ്യം |
|---|---|---|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികളെയും വായനയും എഴുത്തും ഉറപ്പിക്കൽ | കുട്ടികളുടെ നിലവാരം മനസ്സിലാക്കാൻ പ്രീടെസ്റ്റ് നടത്തുന്നു. അക്ഷരം എഴുതുന്നു; ചിഹ്നം ഉപയോഗിക്കൽ, അക്ഷരങ്ങൾ വാക്കുകൾ ഉണ്ടാക്കൽ കാർഡ്, ക്ലാസിൽ അക്ഷരമാല (അ) വർണ്ണം, ഓൺലൈൻ അക്ഷരമാല (ആ) വർണ്ണം, ഓൺലൈൻ അക്ഷരമാല കളികൾ വാക്കുകൾ ഉണ്ടാക്കൽ activity കൾ, വാക്കുകൾ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം. കുട്ടികൾക്ക് പുതിയ ഉണർവ്വ് നൽകുന്ന ഭാഷാ ബോധിനി പ്രവർത്തനങ്ങൾ, പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, slow learner's കുട്ടികളുടെ വിലയിരുത്തൽ അവരുടെ കഴിവിനെയും മനസ്സിലാക്കി പിന്തുണ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ. | 5, 6, 7 | അക്ഷര ചാർട്ട് പാഠപുസ്തകം | Resource Teachers ഹിന്ദി അധ്യാപിക | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുന്നു. എഴുതാനും സംസാരിക്കാനും അവസരം വിനിയോഗം നടത്താനുള്ള ശേഷി വർധിപ്പിക്കൽ CWSN, Slow learner's കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |

| | | | | | | |
|---|---|---|---|---|---|---|
| ദൈനദിന വാക്കുകൾ പരിശീലിപ്പിക്കൽ | ദൈനദിന ഹിന്ദി വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ഹിന്ദിയിൽ എണ്ണം, ആഴ്ച ദിവസം എന്നിവയുടെ ദൈനദിന അവതരണം ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | കലണ്ടർ | ഹിന്ദി അധ്യാപിക. | ദൈനംദിന വാക്കുകൾ മനസ്സിലാക്കുക. പ്രയോഗത്തിൽ വരുത്തുക. |
| CWSN Slow learners എന്നിവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ | ഹിന്ദി പഠിച്ചുവരുന്ന കുട്ടികൾക്കും CWSN, Slow learners കുട്ടികൾക്കുമായി പ്രത്യേക പസിലുകൾ, ഐസിടി ഉപയോഗം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5 | അക്ഷരമാല കാർഡ് | ഹിന്ദി അധ്യാപകർ | അക്ഷരം ഉറപ്പിക്കൽ |

| | | | | | | |
|---|---|---|---|---|---|---|
| വീട് ഒരു പരീക്ഷണശാല | വീട്ടിൽ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക. വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനുള്ള അവസരം CWSN കുട്ടികളുടെ പങ്കാളിത്തം. | September to October | std 5, 6, 7 | ഹിന്ദി നിഘണ്ടു | PTA BRC ഹിന്ദി അധ്യാപകൻ. | വീട്ടുപകരണങ്ങളുടെ പേര് ഹിന്ദിയിൽ പരിശീലിപ്പിക്കുകയും കുട്ടികളെ മനസ്സിലാക്കുകയും ചെയ്യുക. |
| | ഹിന്ദിയിലുള്ള ചെറിയ കുറിപ്പുകൾ, ജീവചരിത്രങ്ങൾ അനുഭവകഥകൾ കവിതകൾ കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | | ഹിന്ദി അധ്യാപകൻ | ഹിന്ദി എഴുതാൻ [illegible] പഠിക്കുക. |

| | | | | | | |
|---|---|---|---|---|---|---|
| ഹിന്ദി പ്രസംഗ അവതരണം. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി പ്രസംഗങ്ങൾ നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | | ഹിന്ദി അധ്യാപകർ | ഹിന്ദി സംസാരിക്കാൻ പരിശീലിപ്പിക്കുക. |
| പത്രിക തയ്യാറാക്കൽ | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6, 7 | ഹിന്ദി, പുസ്തകം | ഹിന്ദി അധ്യാപകർ | ഹിന്ദി രചനകൾ എഴുതാനുള്ള കഴിവ് നേടുക. |
| ഹിന്ദിയിൽ സംസാരിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 5, 6, 7 [illegible] | ഓഡിയോ | ഹിന്ദി അധ്യാപകർ. | ഹിന്ദിയിൽ സംസാരിക്കുക. |
| ഹിന്ദി സിനിമ, വാർത്ത ഉപയോഗിക്കുക. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെട്ട് വാർത്തകൾ, സിനിമകൾ കാണാനുള്ള അവസരം | . | 5, 6, 7 | TV, Cinema | ഹിന്ദി അധ്യാപകർ | ഹിന്ദി മനസ്സിലാക്കുകയും വായിക്കുകയും സംസാരിക്കുകയും ചെയ്യുക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| | ഗണിതപ്പെട്ടി / കണക്ക്പെട്ടി | ജൂൺ - ഫെബ്രുവരി | |
| * ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള കൂടുതൽ ആശയങ്ങൾ മനസ്സിലാക്കുന്നു | - മുന്നറിവ് പരിശോധന<br>- ഈർക്കിൽ മീൻ<br>- രൂപങ്ങൾ മാതൃകകൾ ഉണ്ടാക്കുന്നു.<br>- | ജൂൺ | |
| * ത്രിമാന രൂപങ്ങളെക്കുറിച്ച് ധാരണ നേടുന്നു.<br><br>അനുരൂപീകരണം ⟹ | - ത്രിമാന രൂപങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു<br>- ഈർക്കിൽ മീൻ ഉണ്ടാക്കുന്ന പ്രവർത്തനത്തിൽ പങ്കാളിയാകുന്നു.<br>- രൂപങ്ങൾ ചിത്രം തിരിച്ചറിഞ്ഞ് പേരു പറയുന്നു. | | |

| | | | |
|---|---|---|---|
| -9999 വരെയുള്ള സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കുന്നു<br>- നാലക്ക സംഖ്യകൾ രൂപീകരിക്കുന്നു<br>- നിത്യജീവിതത്തിലെ സന്ദർഭങ്ങളിലൂടെ നാലക്ക-സംഖ്യകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു | - സംഖ്യാപാറ്റേണുകൾ<br>- കളിനോട്ടുകൾ<br>- പസിൽ കോർണർ - അബാക്കസ്<br>- ചെക്ക് പൂരിപ്പിക്കൽ<br><u>അനുരൂപീകരണം</u><br>സ്ഥാനവിലയനുസരിച്ച് സംഖ്യകൾ വായിക്കുന്നു.<br>ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും വായിക്കുന്നു. | ജൂൺ - ജൂലൈ. | |
| - കുട്ടികളിൽ സംഖ്യാബോധം വളർത്തുക.<br>- റോമൻ സംഖ്യകൾ തിരിച്ചറിയുന്നു | - സംഖ്യകൾ ഊഹിക്കുന്നു<br>- റോമൻ സംഖ്യകൾ എഴുതുന്നു. | ജൂലൈ - ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| ത്ത് നാലക്ക സംഖ്യകളുടെ സങ്കലനക്രിയകളുടെ വ്യത്യസ്ത വഴികൾ തിരിച്ചറിയുന്നു.<br>- നാലക്ക സംഖ്യയും മൂന്നക്ക സംഖ്യയും തമ്മിലുള്ള സങ്കലനം ചെയ്യുന്നു.<br>- വ്യവകലനം ചെയ്യാൻ പ്രാപ്തരാകുന്നു. | · മനക്കണക്കുകൾ<br>· നിത്യ ജീവിതത്തിൽ ബന്ധപ്പെട്ടതിയുള്ള പ്രവർത്തനങ്ങൾ. | ആഗസ്റ്റ് - സെപ്റ്റംബർ | |
| - നിത്യ ജീവിതത്തിൽ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു<br>- കലണ്ടർ നോക്കിയുള്ള വിവിധ കാര്യങ്ങൾ കണ്ടെത്തുന്നു<br>- | - സമയദൈർഘ്യം കണ്ടെത്തുന്നു<br>- സമയം വരച്ചു ചേർക്കുന്നു<br>- ക്ലോക്ക് നിർമ്മാണം<br>- കലണ്ടർ നിർമ്മാണം<br>- ദേശീയ ഗണിത ശാസ്ത്ര ദിനം - ആചരിക്കൽ. (ഡിസംബർ) | സെപ്റ്റംബർ / ഒക്ടോബർ | |

| | | | |
|---|---|---|---|
| * നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾക്കായി ഗുണനക്രിയ ഉപയോഗിക്കുന്നത് മനസ്സിലാക്കുന്നു<br>* സംഖ്യാബന്ധങ്ങളും ഗുണനബന്ധങ്ങളും കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>* സംഖ്യകൾ ഗുണിക്കുന്ന വിവിധ മാർഗങ്ങൾ തിരിച്ചറിയുന്നു. | | ഒക്ടോബർ- നവംബർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| <u>വായന</u><br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ. | • പ്രീ-ടെസ്റ്റ്<br>• പത്രവായന<br>• വായനാക്കാർഡുകൾ തയ്യാറാക്കൽ<br>• ക്ലാസ്സ് ലൈബ്രറി<br>• സഹപാഠികളോടൊപ്പം വായന<br>• സംഘവായന<br>• വായനാമത്സരങ്ങൾ | - ജൂൺ<br>- അധ്യയനവർഷം മുഴുവൻ<br>"<br>" | |
| <u>ലേഖനം</u><br>വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക | • സർഗ്ഗപ്രവർത്തനങ്ങളിലൂടെ വ്യക്തിഗത രചനകൾ മെച്ചപ്പെടുത്തുന്നു<br>• വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കി രചനകൾ മികവുറ്റതാക്കുന്നു | അധ്യയന വർഷം മുഴുവൻ | |

| | | | |
|---|---|---|---|
| - അക്ഷരത്തെറ്റുകൾ കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ അനുഭവങ്ങൾ ആത്മകഥാംശം ഉൾക്കൊണ്ട് രചിക്കുന്നതിനുള്ള ശേഷി കൈവരിക്കൽ<br>- വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>- സർഗാത്മക ഡയറി<br>- പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളുടെ രചന നടത്തുന്നു.<br>- | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | - ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കുന്നു.<br>- ആവശ്യമായ സാമഗ്രികൾ ഒരുക്കുന്നു. | ലക്ഷ്യം കൈവരിക്കുന്നതുവരെ (രണ്ടാം ടേമിലും) | |

| | | | |
|---|---|---|---|
| ICT - സാധ്യതയിലൂടെ അറിവ് നേടുന്നു. | - കവിതയുടെ ഈണത്തിലുള്ള ഓഡിയോ പാഠഭാഗവുമായി ബന്ധപ്പെടുത്തി കേൾപ്പിക്കുന്നു.<br>- പാഠവുമായി ബന്ധപ്പെട്ട വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി. | |
| <u>സർഗവേളകൾ</u><br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ നൈപുണികൾ മറ്റുള്ളവർക്ക് മുൻപിൽ ഭയരഹിതമായും ആത്മവിശ്വാസത്തോടുകൂടിയും അവതരിപ്പിക്കുന്നു | - ബാലസഭയിൽ കുട്ടികളുടെ ഭാഷാപരമായ കഴിവുകളുടെ പ്രദർശനം.<br>- സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>- CPTA- യിൽ അവതരിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ (വെള്ളി.) | |

# മോണിറ്ററിങ്

## സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ മോണിറ്ററിങ് സമിതി അംഗങ്ങൾ

- പിടിഎ പ്രസിഡന്റ്
- വാർഡ് കൗൺസിലർ
- HM
- SRG കൺവീനർ
- എൽപി യുപി ക്ലാസുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ
- പൂർവ്വ വിദ്യാർത്ഥികൾ
- വിദ്യാർത്ഥി പ്രതിനിധികൾ
- അക്കാദമിക വിദഗ്ധർ

# ഉപസംഹാരം

എല്ലാ വിദ്യാർത്ഥികൾക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ആണ് ഈ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.പരിസ്ഥിതി സൗഹൃദവും, ശിശു കേന്ദ്രീകൃതവുമായ

പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർവതോന്മുഖമായ വികാസം സാധ്യമാക്കാനും വിശ്വ പൗരൻമാരെ വളർത്തിയെടുക്കാനും ഈ മാസ്റ്റർ പ്ലാൻ സഹായകരമായി തീരും.

മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി തീർക്കാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്.